<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1337</u> <u>12-02-2025 - ൽ മറുപടിയ്ക്ക്</u>

<u>ടൂറിസം കേന്ദ്രങ്ങളെ ഹെലികോപ്റ്റർ വഴി ബന്ധിപ്പിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര കേന്ദ്രങ്ങളെ കുറഞ്ഞ സമയപരിധിക്കുള്ളിൽ ബന്ധിപ്പിക്കുന്നതിനായി ഹെലികോപ്റ്റർ ശൃംഖല സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി 07.12.2024 ലെ സ.ഉ (കൈ) നം. 23/2024 /TSM നമ്പരായ ഉത്തരവ് പ്രകാരം ഹെലിടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. കേരളത്തിന്റെ മനോഹാരിത പുതിയൊരു കാഴ്ചപ്പാടിലൂടെ ആസ്വദിക്കുന്നതിന് വഴിഒരുക്കുന്നതിനോടൊപ്പം ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എത്തുന്നതിന് സാധ്യമാകുന്ന വിധത്തിൽ പ്രസ്തുത കേന്ദ്രങ്ങളെ വായുമാർഗ്ഗേന ബന്ധിപ്പിക്കുന്നതിനും ഇതുവഴിയുള്ള ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ് ഹെലിടൂറിസം പദ്ധതി. സ്വകാര്യമേഖലയേക്കൂടി ഭാഗമാക്കിക്കൊണ്ടാണ് ഹെലിടൂറിസം നയം ആവിഷ്കരിച്ചിട്ടുള്ളത്. വിവിധ ഘട്ടങ്ങളിലായാണ് ഹെലിടൂറിസം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. നിലവിൽ പ്രവർത്തന ക്ഷമമായ ഹെലിപാഡുകളും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് ഹെലിടൂറിസം പ്രോത്സാഹിപ്പിക്കുക എന്നതാണ് അദ്യഘട്ടം. സന്നദ്ധരാകുന്ന ഹെലിടൂറിസം സേവനദാതാക്കളെ ഇതിനായി പ്രയോജനപ്പെടുത്തും. പുതിയ ഹെലിപ്പാഡുകൾ നിർമ്മിക്കുവാനും ആവശ്യമായ അനുമതികൾ ഉള്ള ഹെലികോപ്റ്ററുകൾ ഉപയോഗിച്ച് സേവനം ലഭ്യമാക്കുവാനും സ്വകാര്യ മേഖലയ്ക്ക് അവസരം ഉണ്ടായിരിക്കും. ഹൗസ്ബോട്ടുകൾക്കും കാരവനും ശേഷം കേരളത്തിന്റെ വിനോദസഞ്ചാരമേഖല മുന്നോട്ടുവെയ്ക്കുന്ന മറ്റൊരു നൂതന ടൂറിസം ഉത്പന്നം ആയിരിക്കും ഹെലിടൂറിസം. |
| (ബി) | എങ്കിൽ ഇപ്രകാരം ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് | (ബി) | പദ്ധതിയുടെ ആദ്യഘട്ടത്തിൽ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ അടുത്ത് സ്ഥിതി ചെയ്യുന്ന |

| | | | |
|---|---|---|---|
| | അറിയിക്കുമോ; | | പ്രവർത്തനസജ്ജമായ ഹെലിപ്പാട്ടുകൾ പ്രയോജനപ്പെടുത്തുവാൻ ആണ് ഉദ്ദേശിക്കുന്നത്. അഷ്ടമുടി, ചാലക്കുടി, തേക്കടി, ജഡായു പാറ, കോവളം, കുമരകം, മൂന്നാർ തുടങ്ങിയ ഇടങ്ങളിലെ ഹെലിപ്പാട്ടുകൾ ആദ്യഘട്ടത്തിൽ ഇങ്ങനെ പരിഗണിച്ചു വരുന്നവയാണ്. |
| (സി) | ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഇതിനകം എന്തെല്ലാം നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (സി) | വിവിധ ഘട്ടങ്ങളിലായാണ് ഹെലിടൂറിസം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. നിലവിൽ പ്രവർത്തനക്ഷമമായ ഹെലിപാഡുകളും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് ഹെലിടൂറിസം പ്രോത്സാഹിപ്പിക്കുക എന്നതാണ് അദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ പങ്കാളികളാകാൻ ഏതെങ്കിലും ഏജൻസികൾ സമീപിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഹെലിടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ സ്റ്റേക്ക് ഹോൾഡർ യോഗങ്ങളിൽ വിവിധ സേവനദാതാക്കൾ പദ്ധതിയോടുള്ള താത്പര്യം വ്യക്തമാക്കിയിരുന്നു. ഹെലി ടൂറിസം പദ്ധതിയിൽ ഭാഗഭാക്കാകുന്ന സ്വകാര്യസേവനദാതാക്കളെ കണ്ടെത്തുന്നത് താത്പര്യപത്രത്തിലൂടെ ആയിരിക്കും. ഇതിനായുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ